(സി)&(ഡി) സഹകരണ മേഖലയിൽ കൊച്ചിയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന് അയച്ചുകൊടുത്തിട്ടുണ്ട്.

ഇന്റർനെറ്റ് മുഖാന്തിരമുള്ള ചികിത്സാ സൗകര്യം

127 (785)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ നവീകരിക്കാനും കൂടുതൽ സ്പെഷ്യലൈസേഷൻ വിഭാഗങ്ങൾ ആരംഭിക്കുവാനും പദ്ധതി ഉണ്ടോ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ വിദഗ്ദ്ധ ഡോക്ടർമാർക്ക് വീഡിയോ കോൺഫറൻസിലൂടെ സങ്കീർണ്ണമായ ഓരോ കേസ്സുകളിലും സ്വീകരിക്കേണ്ട ചികിത്സാ തന്ത്രങ്ങൾ ആവിഷ്ക്കരിക്കാൻ കഴിയുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ;

(സി) മെഡിക്കൽ കോളേജുകളിലേക്കും ജില്ലാ ആശുപത്രികളിലേക്കും ഡോക്ടർമാരെ ഇന്റർനെറ്റ് ശൃംഖലയുമായി ബന്ധപ്പെടുത്തി വിദഗ്ദ്ധ ഡോക്ടർമാരുമായി ബന്ധപ്പെട്ട് ചികിത്സ നിർണ്ണയിക്കുവാൻ ഉതകുന്ന സാഹചര്യം സൃഷ്ടിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ എസ്.എ.റ്റി. ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ ചെലവിൽ ഇന്റർനെറ്റ് കണക്ഷൻ ഇപ്പോൾ ലഭ്യമാണ്. മറ്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഈ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാനത്ത് പുതുതായി മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ നടപടി

128 (786)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ഇത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഏതൊക്കെ ഏജൻസികളാണ് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്;

(സി) ഇടുക്കി ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി ഏതെങ്കിലും ഏജൻസി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഏജൻസിയുടെ പേര് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇടുക്കി ജില്ലയിൽ ഏതു സ്ഥലത്താണ് മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച് തുടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സഹകരണ അക്കാദമിയുടെ കീഴിൽ സഹകരണമേഖലയിൽ ഒരു മെഡിക്കൽ കോളേജ് കൊച്ചിയിൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ആരോഗ്യവകുപ്പിൽ അപേക്ഷകൾ ലഭിച്ചിട്ടില്ല.

(ഡി)&(ഇ) ബാധകമല്ല.

കാണിറ്റുകര കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

129 (787)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ കാണിറ്റുകര കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഒരു റഫറൽ ആശുപത്രിയായി ഉയർത്തുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കാണിറ്റുകര കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ റഫറൽ ആശുപത്രിയായി ഉയർത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാണിറ്റുകര ആശുപത്രി ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായതിനാൽ ഇത് സമീപ പ്രദേശങ്ങളിലെ പി.എച്ച്.സി. കളുടെ റഫറൽ ആശുപത്രിയായാണ് പ്രവർത്തിച്ചുവരുന്നത്.

(ബി)&(സി) ഈ ആവശ്യത്തിൻമേൽ നിവേദനം ലഭിച്ചിട്ടില്ല.

(ഡി) പി.എച്ച്.സി.-സി.എച്ച്.സി.-താലൂക്കാശുപത്രി-ജില്ലാ ആശുപത്രി/ ജനറൽ ആശുപത്രി-മെഡിക്കൽ കോളേജ്- ഈ തട്ടുകളിലായിട്ടാണ് റഫറൽ സിസ്റ്റം നിലവിൽ നടപ്പിലാക്കിയിരിക്കുന്നത്. (എ) പിരിവിന്റെ മറുപടിയിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്.

കോഴിക്കോട് ബീച്ച് ആശുപത്രിയിലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ നടപടി

130 (788)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ബീച്ച് ആശുപത്രിയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly